**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6035**
**02.04.2018 ൽ മറുപടി നൽകേണ്ടത്**

**എൺപത് വയസ്സിനും മുകളിൽ പ്രായമുള്ളവർക്ക് നൽകുന്ന വാർദ്ധക്യകാല പെൻഷൻ**

**ചോദ്യം**
ശ്രീ. കെ കൃഷ്ണൻകുട്ടി

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | എൺപത് വയസ്സിനും അതിനു മുകളിലും പ്രായമുള്ളവർക്ക് സർക്കാർ വാർദ്ധക്യകാല പെൻഷൻ ആയി നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; | എഴുപത്തിയഞ്ചും അതിനു മുകളിലും പ്രായമുള്ളവർക്ക് വാർദ്ധക്യ കാല പെൻഷൻ പ്രതിമാസം 1500 രൂപ നിരക്കിൽ നൽകിവരുന്നു. |
| (ബി) | എൺപത് വയസ്സിനും അതിനു മുകളിലും പ്രായമുള്ളവർക്ക് പലർക്കും വാർദ്ധക്യകാല പെൻഷൻ എന്ന നിലയിൽ 600 രൂപയാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നിലവിലുള്ള ഉത്തരവ് പ്രകാരം 06/02/2017 ന് മുമ്പ് രണ്ട് പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. ഇത്തരത്തിൽ രണ്ട് പെൻഷൻ വാങ്ങിവരുന്നവർക്കാണ് രണ്ടാമത്തെ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നത്. |
| (സി) | വിവേചന രഹിതമായി എല്ലാവർക്കും ലഭിക്കുന്ന പെൻഷൻ ഇത്തരക്കാർക്ക് ലഭ്യമാക്കാനായി ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് പ്രാദേശിക സർക്കാരുകൾ പെൻഷൻ അനുവദിക്കുന്ന വ്യക്തികൾക്കാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ